## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 178

13-06-2019 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. കെ.എൻ.എ ഖാദർ | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും |
| ശ്രീ.എൻ. ഷംസുദ്ദീൻ | : | വകുപ്പ് മന്ത്രി) |
| ശ്രീ. സി.മമ്മൂട്ടി | : | |

| | |
|---|---|
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിക്കാൻ ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ; | (എ) തുറമുഖ പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് പുലിമുട്ട് നിർമ്മാണമാണ് നിർണായക പ്രവൃത്തിയായി കണക്കാക്കുന്നത്. പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ കണ്ടെത്തുന്നതിന് അദാനി കമ്പനിക്കുണ്ടായ കാലതാമസം തുറമുഖത്തിന്റെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിച്ചതായി ഇന്റിപെന്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കരാർ പ്രകാരം പദ്ധതിക്ക് ആവശ്യമായ പാറ കണ്ടെത്തേണ്ടത് അദാനി കമ്പനിയുടെ ചുമതലയാണ്. ഇതിലേക്കാവശ്യമായ സർക്കാർ സഹായം വേണ്ട ഘട്ടങ്ങളിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്ന നടപടികൾ സർക്കാർ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. പദ്ധതിക്ക് വേണ്ട റെയിൽ, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. |
| (ബി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണങ്ങൾക്ക് നാശനഷ്ടമുണ്ടായ-തിനാൽ അന്താരാഷ്ട്ര തുറമുഖ പദ്ധതി പൂർത്തീകരിക്കുന്നതിന് സമയം നീട്ടിത്തരണ മെന്ന് അദാനി പോർട്സ് പ്രൈവറ്റ് ലിമിറ്റഡ് ആവശ്യപ്പെട്ട -തിൻമേൽ കൈക്കൊണ്ട തീരുമാനം അറിയിക്കാമോ ? | (ബി) 2017 നവംബറിലെ ഓഖി ചുഴലിക്കാറ്റിൽ ഡ്രെഡ്ജറുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ അവ നന്നാക്കി പണികൾ പുനരാരംഭിക്കാൻ കാലതാമസം നേരിട്ടുവെന്നും അതിനാൽ പദ്ധതിയുടെ നിർമ്മാണ കാലയളവ് 16 മാസം ദീർഘിപ്പിച്ചു നൽകണമെന്നും നിർമ്മാണ കമ്പനി ആവശ്യപ്പെട്ടുകയുണ്ടായെങ്കിലും പദ്ധതിയുടെ Independent Engineer (IE) ഈ അവകാശവാദം പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദാനി കമ്പനിയുടെ ആവശ്യം സർക്കാർ നിരസിക്കുക യുണ്ടായി. |

സെക്ഷൻ ഓഫീസർ